## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5699 — 24.05.2017 — ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രത നിയമം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. യു.ആർ. പ്രദീപ് : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടുള്ള റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ്;<br>(ബി) എത്ര റേഷൻ കടകളാണ് സംസ്ഥാനത്ത് കമ്പ്യൂട്ടർവൽക്കരിക്കാനുള്ളത്;<br>(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും | റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ചു വരികയുമാണ്. 14335 റേഷൻ കടകളാണ് സംസ്ഥാനത്ത് കമ്പ്യൂട്ടർവൽക്കരിക്കാനുള്ളത്.<br>2017 ജൂൺ മാസത്തോടു കൂടി ഇ-പോസ് മെഷീനുകൾ റേഷൻ കടകളിൽ സ്ഥാപിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ